# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3008 — 11.12.2014 ൽ മറുപടിയ്ക്ക്

### ആദായകരമല്ലാത്ത് സ്കൂളുകളുടെ നിലവാരമുയർത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.എ. ബേബി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആദായകരമല്ലാത്ത സ്കൂളുകളുടെ നിലവാരമുയർത്താൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ; | (എ) | അനാദായകരമായ വിദ്യാലയങ്ങളുടെ നിലവാരമുയർത്താൻ വകുപ്പുതലത്തിൽ പല പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-പ്രൈമറി വിഭാഗം പോഷക വിഭാഗമായി ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്ത് അനാദായകരമായ വിദ്യാലയങ്ങൾ ധാരാളമുണ്ട് എന്നത് വസ്തുതയാണ്. 60 കുട്ടികളിൽ കുറവു മാത്രമുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും പഠന നിലവാരമുയർത്തിയും ആകർഷകമാക്കുവാനും വരും വർഷം കൂടുതൽ കുട്ടികളെ ഉറപ്പാക്കുവാനുമായി ഫോക്കസ് 15 എന്ന പദ്ധതി സർവ്വ ശിക്ഷാ അഭിയാൻ നടപ്പിലാക്കി വരുന്നു. |
| (ബി) | സി.ബി.എസ്.ഇ. സ്കൂളുകൾക്ക് നൽകിയ എൻ.ഒ.സി. പിൻവലിച്ചതു കൊണ്ടും അൺ എയ്ഡഡ് സ്കൂളുകൾക്ക് ഈ സർക്കാർ നൽകിയ അംഗീകാരം പിൻവലിച്ചതു കൊണ്ടും അനാദായകരമായിപ്പോയ സ്കൂളുകളുടെ നിലവാരം ഉയർത്താമോ? | (ബി) | അഞ്ചിലധികം വർഷമായി തുടർന്നു വരുന്ന സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്കും സ്റ്റേറ്റ് സിലബസ്സ് പ്രകാരമുള്ള വിദ്യാലയങ്ങൾക്കുമാണ് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. വർഷങ്ങളായി പ്രവർത്തിക്കുന്ന ഇത്തരം വിദ്യാലയങ്ങളുടെ അംഗീകാരം പിൻവലിച്ചതുകൊണ്ടു മാത്രം അനാദായകരമായ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്താൻ കഴിയുമെന്നു കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ